# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3046** **19.06.2018 ൽ മറുപടിയ്ക്ക്**

## കാർഷികമേഖലയുടെ അഭിവൃദ്ധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സണ്ണി ജോസഫ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) നടപ്പ് സാമ്പത്തിക വർഷം കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) 2018-19-ൽ വിവിധ വിള പരിപാലനം, മണ്ണിന്റെയും ചെടിയുടെയും ആരോഗ്യ പരിപാലനം, ഉത്പാദനോപാധികളും സേവന സംവിധാനവും, കാർഷിക വിജ്ഞാന വ്യാപനം, റിസ്ക് മാനേജ്മെന്റ്, ജൈവ വൈവിധ്യ സംരക്ഷണം, കാർഷിക വിപണനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും, കാർഷികോല്പന്നങ്ങളുടെ സംസ്കരണവും മൂല്യ വർദ്ധനവും, നൂതന പദ്ധതികൾക്കുള്ള സഹായം തുടങ്ങിയ ഘടകങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>**2018-19-ൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു**<br>1. നെൽകൃഷി വികസനം.<br>2. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം.<br>3. പച്ചക്കറി വികസനം.<br>4. കിഴങ്ങ് / പയർ വർഗ്ഗങ്ങളുടെ വികസനം.<br>5. നാളികേര വികസനം.<br>6. സുഗന്ധ വ്യഞ്ജന വിള വികസനം.<br>7. ഹൈടെക് അഗ്രികൾച്ചർ.<br>8. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം.<br>9. മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലനവും, ഉത്പാദനക്ഷമത ഉയർത്തലും.<br>10. വിള ആരോഗ്യ പരിപാലനം. |

11. ജൈവകൃഷിയും, ഉത്തമ കൃഷി മുറകളും.
12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും.
13. കൃഷി വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികളുടെ ആധുനീകരണം.
14. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ.
15. കാർഷിക വിവരവും വിനിമയവും.
16. മാനവശേഷി വികസനം.
17. കാർഷിക സേവന കേന്ദ്രങ്ങളും, സേവന സംവിധാനവും.
18. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി.
19. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി.
20. നാടൻ വിത്തിനങ്ങളുടെ ജൈവ വൈവിദ്ധ്യ സംരക്ഷണവും പ്രോത്സാഹനവും
21. കാർഷിക വിപണി ശക്തിപ്പെടുത്തൽ.
22. മൂല്യ വർദ്ധനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലന പദ്ധതികൾ
23. കർഷക ഗ്രൂപ്പുകൾക്ക് / കർഷക ഉല്പാദക സംഘങ്ങൾക്ക് നൂതന പദ്ധതികൾക്കുള്ള സഹായം.
24. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം.
25. വയനാട് പാക്കേജ്.
26. പ്രത്യേക കാർഷിക മേഖല പദ്ധതി.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളും കർഷക പെൻഷൻ, സൗജന്യ വൈദ്യുതി പദ്ധതി, നെൽകൃഷിക്കുള്ള ഉത്പാദന ബോണസ്, റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് വിതരണം തുടങ്ങിയവയും നടപ്പിലാക്കുന്നു.

| | |
|---|---|
| ബി) കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ മറുനാടൻ മലയാളികൾക്ക് ലഭ്യമാക്കുന്നതിന് വിപണനകേന്ദ്രങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ; | ബി) കേരളത്തിന്റെ തനതായ ഉൽപന്നങ്ങൾ മറുനാടൻ മലയാളികൾക്ക് ലഭ്യമാക്കുന്നതിന് കൃഷിവകുപ്പിന്റെ കീഴിൽ വിപണനകേന്ദ്രം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| സി) | ഹൈടെക് അഗ്രിക്കൾച്ചർ സംവിധാനം സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) | ഉണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള മുഖാന്തിരം ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി മൂല്യം കൂടിയ പച്ചക്കറികളും പുഷ്പങ്ങളും കൃഷി ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ നാളിതുവരെ 567 പോളിഹൗസുകൾ (132370.5 ച.മീറ്റർ) സ്ഥാപിച്ചിട്ടുണ്ട്. |

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി 4000 ച.മീറ്റർ വരെയുള്ള പോളിഹൗസുകൾ നിർമ്മിക്കുന്നതിന് 50% ധനസഹായം നൽകി വരുന്നു.

ഇതിനുപരിയായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വാർഷിക കർമ്മപദ്ധതികളിൽ ഉൾപ്പെടുത്തി പോളിഹൗസിലെ വിളകളുടെ കൃഷി നടത്തിപ്പിനായുള്ള ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

കൂടാതെ, ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഘടകങ്ങൾക്കും ധനസഹായം നൽകി വരുന്നു.

1. നിലവിലുള്ള പോളിഹൗസുകളുടെ കാലപ്പഴക്കം ചെന്ന/ കേടുപാട് സംഭവിച്ച പോളിത്തീൻ ഷീറ്റ് മാറ്റുന്നതിന് ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ച.മീറ്ററിന് 82/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

2. പോളിഹൗസുകളുടെ അറ്റകുറ്റപണികൾ നടത്തി അവയെ പ്രവർത്തനക്ഷമമാക്കുന്നതിന് ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ച.മീറ്ററിന് 50/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

3. സർക്കുലേഷൻ ഫാൻ/ എക്സ്ഹോസ്റ്റ് ഫാൻ/ ഓട്ടോമേഷൻ യൂണിറ്റ് എന്നിവ സ്ഥാപിച്ച് നിലവിലുള്ള പോളിഹൗസുകളുടെ സൗകര്യം മെച്ചപ്പെടുത്തി അതിലൂടെ പരമാവധി ഉൽപാദനം കൈവരിക്കുന്നതിന് ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ച. മീറ്ററിന് 50/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

4. കൃത്രിമ മാധ്യമം ഉപയോഗിച്ചു കൊണ്ടുള്ള കൃഷി ഉൽപാദന വർദ്ധനവിന് മെച്ചപ്പെട്ട സാങ്കേതിക വിദ്യ എന്ന നിലയിൽ മണ്ണിന് പകരം കൃത്രിമ മാധ്യമം ഉപയോഗിച്ചുകൊണ്ടുള്ള ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി മണ്ണിതര മാധ്യമങ്ങളിൽ കൃഷി അനുവർത്തിക്കുന്നതിന് കൃഷി ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ച. മീറ്ററിന് 65/- രൂപ എന്ന നിരക്കിലും ധനസഹായം നൽകുന്നു.

| | |
|---|---|
| ഡി) കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും, അതിലൂടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | ഡി) കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിനും അതിലൂടെ കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും പ്രധാന വിളകൾക്ക് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ടമായി ഈ സാമ്പത്തിക വർഷം കോക്കനട്ട് അഗ്രോപാർക്ക്, ബനാനാ അഗ്രോപാർക്ക്, ഹണി അഗ്രോപാർക്ക്, മാംഗോ അഗ്രോപാർക്ക്, വെജിറ്റബിൾ അഗ്രോപാർക്ക് എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

Mayal

**സെക്ഷൻ ഓഫീസർ**